മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

24.06.2019 ൽ നടന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ (യു.ജി) യോഗ തീരുമാനങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ 12 സെക്ഷൻ

നമ്പർ.2132/എ.സി.എ 12/3/11864/2019 തീയതി, പി.ഡി.ഹിൽസ്, 19.07.2019

---

പരാമർശം : 24.06.2019 ൽ ചേർന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ (യു.ജി) യോഗത്തിന്റെ മിനുട്സ്.

## ഉത്തരവ്

സൂചന (1) പ്രകാരം 24.06.2019 ൽ ചേർന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ (യു.ജി) യോഗത്തിന്റെ താഴെപ്പറയുന്ന തീരുമാനങ്ങൾ ബഹു. വൈസ് ചാൻസിലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

1) സർക്കാർ/പി.എസ്.സി-യുടെ സമീപകാല റെഗുലേഷൻ, യൂണിവേഴ്സിറ്റി ഉത്തരവുകൾ അനുസരിച്ച് അടുത്തവർഷം തന്നെ ബി.എഡ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് പരിഷ്കരിക്കുക.
2) ബി.വോക് ബിരുദം നേടിയവർക്ക് ബി.എഡ് പ്രവേശനത്തിന് യോഗ്യതയില്ല.
3) ട്രിപ്പിൾ/ഡബിൾ മെയിൻ ബിരുദധാരികളുടെ യോഗ്യത, റാങ്കിങ് എന്നിവ നിലവിലെ ഓർഡർ അനുസരിച്ചായിരിക്കണം - അതായത് ബി.എഡ് പ്രവേശനത്തിന് അവർ യോഗ്യരാണെങ്കിലും റാങ്കിങ്ങിന്റെ കാര്യത്തിൽ അവരെ പരിഗണിക്കുന്നത് സിംഗിൾ മെയിൻ ബിരുദധാരികളുടെ റാങ്കിങ്ങിന് ശേഷമായിരിക്കും.
4) ബി.എ മ്യൂസിയോളജി & ആർക്കിയോളജി ബിരുദം നേടിയവർക്ക് ബി.എഡ് പ്രവേശനത്തിന് യോഗ്യതയില്ല.
5) 5 വർഷത്തെ സംയോജിത പ്രോഗ്രാമിന്റെ 3 വർഷം പൂർത്തിയാക്കിയ ശേഷം ഡിഗ്രി സർട്ടിഫിക്കറ്റ് നേടിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത വിഷയത്തിൽ ബി.എഡ് പ്രോഗ്രാം ചെയ്യാവുന്നതാണ്.

6) 2019-21 ബാച്ചിനായുള്ള അക്കാദമിക് കലണ്ടർ, രണ്ടാം വർഷ 2018-20 ബാച്ച് (പുതുക്കിയ) അക്കാദമിക് കലണ്ടർ എന്നിവ ചർച്ച ചെയ്യുകയും അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. കോഴ്സ് ദൈർഘ്യം കുറയ്ക്കാതെ അക്കാദമിക് കലണ്ടറിനു അനുസൃതമായി കോഴ്സ് നടത്തണമെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് നിർദ്ദേശിച്ചു.

7) എൻ.സി.ടി യുടെ ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകളുടെ നവീകരണം കണക്കിലെടുത്ത് നാല് വർഷത്തെ സംയോജിത ബി.എഡ് പ്രോഗ്രാം, മൂന്ന് വർഷ സംയോജിത ബി.എഡ്-എം.എഡ് പ്രോഗ്രാമുകളുടെ പാഠ്യപദ്ധതി തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് നിർദ്ദേശിച്ചു.

മുകളിൽ സൂചിപ്പിച്ച ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷന്റെ യോഗ തീരുമാനങ്ങൾ വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രോ വൈസ് ചാൻസിലർ അംഗീകരിക്കുകയും,പ്രസ്തുത തീരുമാനങ്ങൾ അക്കാദമിക് കൗൺസിലിനു മുമ്പാകെ സമർപ്പിക്കാനും ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
വിനോദ് ജെ.കെ
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് III)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/സി.ഇ എന്നിവരുടെ പി.എമാർ
3. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ (യു.ജി)
4. ജെ.ആർ II (ഭരണം)
5. എ.ആർ III /ഡി.ആർ II (അക്കാദമിക്).
6. EI V, EI VI, EI XXVI Sections
7. എ.സി.എ VIII
8. റെക്കോർഡ്സ്/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
9. എസ്.എഫ്/എഫ്.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ